## ദീപിക

1998 ഏപ്രിൽ 2 വ്യാഴം



☐ഡോ. സിസ്റ്റർ ബെറ്റ്സി

### സിസ്റ്റർ ബെറ്റ്സി സെൻ്റ് മേരീസ് കോളജ് പ്രിൻസിപ്പൽ

തൃശൂർ: സെൻ്റ് മേരീസ് കോളജ് പിൻസിപ്പലായി ഡോ. സിസ്റ്റർ ബെറ്റ്സി ചാർജെടുത്തു.

## എക്സ്പ്രസ്സ്

1998 ഏപ്രിൽ 1 ബുധൻ

### സി. സോബൽ സ്ഥാനമൊഴിയുന്നു സി. ബെറ്റ്സി പുതിയ പ്രിൻസിപ്പൽ

തൃശ്ശൂർ: സെൻറ്മേരീസ് കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ സോബൽ വിരമിക്കുന്നു. പുതിയ പ്രിൻസിപ്പാളായി സിസ്റ്റർ ബെറ്റ്സി ഏ. 1 ന് ചുമതലയേൽക്കും.

1911 ൽ ഹിന്ദി അദ്ധ്യാപികയായി വിമലാകോളേജിൽ ചേർന്ന സിസ്റ്റർ സോബൽ 97 ഏപ്രിൽ 1 നാണ് സെൻ



സി. സോബൽ

റ് മേരീസിൽ പ്രിൻസിപ്പലായി ചുമതലയേറ്റത്.

പാല സെൻറ്തോമസ് കോളേജിൽ നിന്നും ഹിന്ദിയിൽ എം.എ. പാസായ സിസ്റ്റർ 1994 ൽ കൊച്ചിൻ യൂണി. നിന്നും ഡോക്ടറേറ്റെടുത്തു.

വിമല കോളേജിൽ 10 വർഷം ഹിന്ദി വകുപ്പധ്യക്ഷയായും ഒരു വർഷം പ്രിൻസിപ്പലായും പ്രവർത്തിച്ചു.

എക്സ്പ്രസ്സ്

1998 മാർച്ച് 25 ബുധൻ



തൃശൂർ സെൻറ് മേരീസ് കോളേജിൽ പി.ടി.എ. സ്ഥാപിച്ച ജനറേറ്ററിൻെറ സ്വിച്ച് ഓൺ തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ. നിർവ്വഹിക്കുന്നു

എക്സ്പ്രസ്സ്

1998 മാർച്ച് 18 ബുധൻ

## സംഗീതയെ അനുമോദിച്ചു

തൃശൂർ: രാഷ്ട്രപതിയിൽനിന്നും ധീരതയ്ക്കുള്ള ദേശീയ അവാർഡ് നേടിയ സെൻറ് മേരീസ് കോളേജ് വിദ്യാർഥിനി സംഗീതയെ കോളേജ് ഓഡിറ്റോറിയത്തിൽ ചേർന്ന പി.ടി.എ. യോഗം അനുമോദിച്ചു.

സർവകലാശാലാ തലത്തിൽ വിവിധ രംഗങ്ങളിൽ അംഗീകാരം നേടിയ വിദ്യാർഥിനികൾക്കും കോളേജിൽനിന്നും വിരമിക്കുന്ന പ്രിൻസിപ്പൽ സിസ്റ്റർ സോബൽ, സൂപ്രണ്ട് സിസ്റ്റർ നോവെല്ല, കെ.എസ്. ദേവസ്സി എന്നിവർക്കും ചടങ്ങിൽ ഉപഹാരം നൽകി.

പി.ടി.ഐ. പ്രസിഡണ്ട് ജെയിംസ് മുട്ടിക്കൽ അധ്യക്ഷത വഹിച്ചു. സിസ്റ്റർ ശാന്ത മരിയ, എം.കെ. കുഞ്ഞുണ്ണി നമ്പിടി, ഡോളി അഗസ്റ്റിൻ എന്നിവർ പ്രസംഗിച്ചു. സിസ്റ്റർ സോബൽ സ്വാഗതവും പ്രൊഫ. പി.എം. ദേവസ്യ നന്ദിയും പറഞ്ഞു.

1998 മാർച്ച് 25 ബുധൻ

## സെൻറ് മേരീസിൽ ജനറേറ്റർ ഉദ്ഘാടനം തിങ്കളാഴ്ച

തൃശ്ശൂർ: സെൻറ് മേരീസ് കോളേജ് പി.ടി.എ. മൂന്നര ലക്ഷം രൂപ ചിലവിൽ സ്ഥാപിച്ച ജനറേറ്ററിൻെറ ഉദ്ഘാടനം തിങ്കളാഴ്ച 3ന് കോളേജ് ഓഡിറ്റോറിയത്തിൽ മുൻ സ്പീക്കർ തേറമ്പിൽ രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിൽ ആദ്യമായാണ് ഇത്രയും ശക്തമായ ജനറേറ്റർ സ്ഥാപിക്കുന്നത്.

ദീപിക

1998 മാർച്ച് 17 ചൊവ്വ

## ബിരുദദാന യോഗവും പൂർവവിദ്യാർഥി സംഗമവും നാളെ

തൃശൂർ: സെന്റ് മേരീസ് കോളജിലെ ബിരുദദാന യോഗം നാളെ രാവിലെ പത്തിന് കോളജ് ഓഡിറ്റോറിയത്തിൽ നടക്കും. ഡോ. സി.ജെ.ജോണി അധ്യക്ഷത വഹിക്കും. തുടർന്ന് പൂർവവിദ്യാർഥിനി സംഘടനയായ ദി എൽഡർ സെന്റ് മരിയൻസിന്റെ വാർഷിക സമ്മേളനവും ഉണ്ടായിരിക്കും. ചടങ്ങിൽ റിട്ടയർ ചെയ്ത പ്രിൻസിപ്പലിനും അധ്യാപക-അനധ്യാപകർക്കും സ്വീകരണം നല്കുന്നതാണ്.



ചണ്ഡിഗഡിൽ നടന്ന അഖിലേന്ത്യാ അന്തർ സർവകലാശാലാ ഷട്ടിൽ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ രണ്ടാം സ്ഥാനം നേടിയ കലിക്കറ്റ് യൂണിവേഴ്സിറ്റി വനിതാ ടീം അംഗങ്ങളായ തനൂജ ബീഗം (വിമലാകോളേജ്) സി. ധന്യ, അനുമോൾ ജോയ് (സെൻറ് മേരീസ് കോളേജ്) ലേഡീ മാനേജർ ആനന്ദവല്ലി, ഡയറക്ടർ എസ്. മുരളീധരൻ എന്നിവർക്ക് പാലക്കാട് റെയിൽവേ സ്റ്റേഷനിൽ സ്വീകരണം നൽകിയപ്പോൾ

# ദീപിക

1998 ഫെബ്രുവരി 28 ശനി

**വിരമിക്കുന്നു...** തൃശൂർ സെന്റ് മേരീസ് കോളജിലെ ഓഫീസ് സൂപ്രണ്ട് സിസ്റ്റർ നൊവെല്ല.



# കേരളവാണി

1998 ഫെബ്രുവരി 22 ഞായർ

## സെൻറ് മേരീസ് കോളെജ് ഡേ

തൃശ്ശൂർ ഫെ. 22

സെൻറ് മേരീസ് കോളെജ് ഡെ യു. പ്രിൻസിപ്പാൾ ഡോ. [illegible], സി. നൊവെല്ല, K S ദേവസ്സി എന്നിവക്ക് യാത്രയയപ്പും മാർ ജേക്കബ്ബ് തൂങ്കുഴിയുടെ അദ്ധ്യക്ഷതയിൽ നടന്നു. ഡോ. കെ. ബാബു ജോസഫ് (വൈസ് ചാൻസലർ കൊച്ചിൻ യൂണി.) ചീഫ് ഗസ്റ്റായിരുന്ന മാനേജർ സി. ഫെലിസിററ സമ്മാനദാനം നിർവ്വഹിച്ചു സി. ഫിലോ ജെയിംസ് (വൈസ് പ്രിൻ.] സ്വാഗതം ബിജ മരിയ ഡേവീസ് [ചെയർ പേഴ്സൺ] നന്ദിയും പറഞ്ഞു

# ദീപിക

1998 ഫെബ്രുവരി 22 ഞായർ



☐സെന്റ് മേരീസ് കോളജ് ദിനാഘോഷം ആർച്ച് ബിഷപ് മാർ ജേക്കബ് തൂങ്കുഴി ഉദ്ഘാടനം ചെയ്യുന്നു. പ്രിൻസിപ്പൽ സിസ്റ്റർ സോബൽ, ജയിംസ് മുട്ടിക്കൽ, വൈസ് ചാൻസലർ ഡോ. ബാബു ജോസഫ്, പ്രൊവിൻഷ്യൽ മദർ ഫെലിസിറ്റ, സ്റ്റുഡൻസ് ചെയർപേഴ്സൺ ബിജുമരിയ ഡേവിസ് എന്നിവർ സമീപം.